# ഗ്ലോറിയ - 2022

## അങ്കമാലി കൺവെൻഷൻ സപ്ലിമെന്റ്

### സംഘാടകർ-അങ്കമാലി സുവിശേഷക കൂട്ടായ്മ

### ഡിസംബർ 2022



പി. എസ്. തമ്പാൻ



ജോർജ് കോശി



സജീവ് വർഗീസ്



റെജി കെ. തോമസ്

# അങ്കമാലി കൺവെൻഷൻ

## ഡിസംബർ 21 ന് ആരംഭിക്കുന്നു.

*അങ്കമാലി : അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ ആഭിമുഖ്യത്തിലും പ്രാദേശിക സഭകളുടെ സഹകരണത്തിലും നടത്തുന്ന രണ്ടാമത് അങ്കമാലി കൺവെൻഷൻ 2022 ഡിസംബർ 21 മുതൽ 25 വരെ അങ്കമാലി സി.എസ്.എ. ഓഡിറ്റോറിയത്തിൽ വച്ച് വൈകിട്ട് 6 മുതൽ 8.30 വരെ നടത്തുന്നു. ക്രിസ്തുവിൽ പ്രസിദ്ധ ബൈബിൾ പ്രഭാഷകരായ പി. എസ്. തമ്പാൻ (തിരുവല്ല), ജോർജ് കോശി (മൈലപ്ര), സജീവ് വർഗ്ഗീസ് (പുതുപ്പള്ളി), റെജി കെ. തോമസ് (നെല്ലിയാടി) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. അങ്കമാലിയിലും സമീപ സ്ഥലങ്ങളിലുമുള്ള ബ്രദറൻ സഭകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 50 പേർ ഉൾപ്പെടുന്ന കൺവെൻഷൻ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.*

*കൺവെൻഷനോടനുബന്ധിച്ച് ഡിസംബർ 23ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ എറണാകുളം ജില്ലയിലെ സുവിശേഷവേലക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർത്തൃശുശ്രൂഷക സംഗമം ഉണ്ടായിരിക്കും. സുവിശേഷകൻ സജീവ് വർഗ്ഗീസ് (പുതുപ്പള്ളി) മുഖ്യസന്ദേശം നൽകും. ഡിസംബർ 22, 23 രാവിലെ 7.30 മുതൽ 8.30 വരെ ബൈബിൾ ക്ലാസ്സുകളും ക്രമീകരിച്ചിരിക്കുന്നു. 2019 ൽ ആരംഭിച്ച അങ്കമാലി കൺവെൻഷൻ കോവിഡ്- 19 ന്റെ കാരണത്താൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലും നടത്തുവാനായില്ല. എന്നാൽ ഈ വർഷം ദൈവം അതിന് അനുയോജ്യമായ സാഹചര്യം ഒരുക്കിത്തന്നു.*

*കൺവെൻഷന്റെ അനുഗ്രഹത്തിനായി, ശുശ്രൂഷകന്മാർക്കുവേണ്ടി, അനുകൂല കാലാവസ്ഥക്കായി, നിരവധി ആളുകൾ സംബന്ധിക്കുവാൻ, ആത്മാക്കളുടെ രക്ഷയ്ക്കായി, സുവിശേഷവേലയ്ക്കും പരസ്യയോഗങ്ങൾക്കുമായി, മറ്റു തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ, ഇതര ശുശ്രൂഷകൾക്കായി പ്രത്യേകം പ്രാർഥിക്കുക. അങ്കമാലിയിലും സമീപ സ്ഥലങ്ങളിലുമുള്ള സഭകളുടെയും വിശ്വാസികളുടെയും പ്രാർഥനാപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു.*

## സുവിശേഷക കൂട്ടായ്മയുടെ തീം സോങ്


1. വരുവിൻ മുദാ സോദരരേ! നിങ്ങൾ
വരുവിൻ ആയുധസംയുതരായ്
യെരൂശലേം മതിൽ പണിതുയർത്തിടാം നാമിനി
നിന്ദിതരാകാതെ
2. രാവും പകലുമെല്ലാം നമ്മൾ
ആയുധപാണികളായിടണം
അരികിലുണ്ടരിവരർ പണിമുടക്കാനെന്ന-
തറിഞ്ഞു നാം നില്ക്കേണം
3. അന്യോന്യം ധൈര്യമേകി നമ്മൾ
ഐക്യമായി നിന്നു വേലചെയ്താൽ
പരിഹാസ പ്രഭൃതികൾ പരിഭ്രമിച്ചോടിടും
ജയം നമ്മൾ നേടിടും
4. ശ്രേഷ്ഠജനങ്ങൾ ആരും
കർത്തൃവേലയ്ക്കു
ചുമൽ കൊടുത്തില്ലെങ്കിലും
എളിവർക്കാശ്രയമരുളിടും നായകൻ
അരികിലുണ്ടനുഗ്രഹിപ്പാൻ
5. കണ്ണീരിൽ നമ്മൾ വിതച്ചാൽ നല്ല
കറ്റകൾ കൊയ്തിടുമാർപ്പോടെ
കരയുന്ന കണ്ണുകൾതുവർന്നിടും നാളിനി-
യധികമകലമല്ലേ-

## സുവിശേഷക കൂട്ടായ്മയുടെ ആപ്തവാക്യം

*"ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർധിച്ചുവരുന്നവരും ആകുവിൻ" (1 കൊരിന്ത്യർ 15:58)*

## അങ്കമാലിയുടെ സുവിശേഷവത്ക്കരണം

ഇ. ജെ. പൈലി, അങ്കമാലി



*ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി നമുക്ക് പ്രാർഥിക്കാം. ഇതോടനുബന്ധിച്ച് നടക്കുന്ന എറണാകുളം ജില്ല കർത്തൃശുശ്രൂഷ സമ്മേളനത്തെയും പ്രാർഥനയിൽ ഓർക്കാം. നമ്മുടെ പ്രിയപ്പെട്ട സുവിശേഷകന്മാരുടെ ജീവിത സാക്ഷ്യങ്ങൾ കേൾക്കുന്നതിനും അവരുടെ പ്രാർഥനാവിഷയങ്ങൾ അറിഞ്ഞ് അവരെ ഓർത്ത് പ്രാർഥിക്കുന്നതിനുമായി ഈ സന്ദർഭം അങ്കമാലിയിലും പരിസരങ്ങളിലുമുള്ള വിശ്വാസസമൂഹം ഉപയോഗപ്പെടുത്തുമല്ലോ.*

ഒരു നൂറ്റാണ്ടിനപ്പുറം സുവിശേഷം അങ്കമാലിയിൽ എത്തി. മിഷനറി എ.വി.തൈൻ എന്ന സായിപ്പും കൊച്ചു സായിപ്പ് എന്നറിയപ്പെട്ടിരുന്ന ഒരു സഹപ്രവർത്തകനും ഇംഗ്ലണ്ടിൽനിന്നും വന്ന് അങ്കമാലിയിൽ സുവിശേഷം അറിയിച്ചു. അതിനുശേഷം ലോനപ്പൻ ഉപദേശി വന്ന് അങ്കമാലിയിൽ താമസിച്ചു സുവിശേഷമറിയിച്ചു. അന്ന് അങ്കമാലി ഒരു ചെറിയ ഗ്രാമമായിരുന്നു. ആഴ്ചയിൽ രണ്ട് ദിവസങ്ങളിൽ (ചൊവ്വ, വെള്ളി) അങ്കമാലിയിൽ ചന്തയുണ്ടായിരുന്നു. ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽനിന്നും ധാരാളം ആളുകൾ ഈ ചന്തകളിൽ വരുമായിരുന്നു. ഈ രണ്ട് ചന്തദിവസങ്ങളിലും സുവിശേഷം വ്യക്തമായി അറിയിച്ചുകൊണ്ടിരുന്നു. സുവിശേഷത്തിനു ശക്തിയായ എതിർപ്പുണ്ടായ ആ കാലയളവിൽ ലോനപ്പൻ ഉപദേശിയേയും മറ്റു പ്രവർത്തകരേയും സുവിശേഷ വിരോധികൾ ദേഹോപദ്രവം ഏല്പിക്കുകയും ബൈബിൾ കത്തിക്കുകയും ചെയ്തു. എന്നാൽ അങ്ങനെയുള്ള അങ്കമാലിയിൽനിന്നും ഇപ്പോൾ രണ്ട് സ്ഥാപനങ്ങളിൽ കൂടെ ബൈബിൾ മലയാളത്തിൽ മാത്രമല്ല, തെലുങ്ക്, തമിഴ്, ഹിന്ദി മുതലായ ഭാഷകളിലും അച്ചടിച്ച് വിതരണം ചെയ്യുന്നു എന്നത് അത്ഭുതകരമല്ലേ?

സുവിശേഷത്തിന്റെ പ്രചരണത്തെ വേരോടെ പിഴുത് കളയുവാൻ പൈശാചിക ശക്തികൾ അങ്കമാലിയിൽ പരിശ്രമിച്ചെങ്കിലും അവരുടെ ശ്രമമെല്ലാം പരാജയപ്പെട്ടു. പലരും വിശ്വാസത്തിനധീനരായി. പുതിയനിയമ സഭ അങ്കമാലിയിൽ സ്ഥാപിതമായി.

പുതിയനിയമത്തിലെ തെസ്സലൊനിക്യ സ്ഥലംസഭയെപ്പോലെ മാതൃകാസഭയായിരുന്നു അങ്കമാലിയിലേത്. സഭായോഗങ്ങളിലും സുവിശേഷപ്രവർത്തനങ്ങളിലും അതീവജാഗ്രത ഇവിടെയുള്ള ആദികാല വിശ്വാസികൾക്കുണ്ടായിരുന്നു. കേരളത്തിലെ മറ്റ് ബ്രദറൻ സഭകൾക്ക് മാതൃകയാക്കാനാകും വിധത്തിലുള്ള വളർച്ച ഒരു സന്ദർഭത്തിൽ അങ്കമാലിയിലെ സഭയ്ക്കുണ്ടായി. നിരവധി അനുഗ്രഹീതരായ വേദാദ്ധ്യാപകരെയും ഉപദേഷ്ടാക്കന്മാരെയും ദൈവം സഭയ്ക്ക് ദാനമായി നൽകി.

സുവിശേഷം ഒരു അജയ്യ ശക്തിയാണ്. വിശ്വസിക്കുന്ന ഏവനും രക്ഷയ്ക്കായി വ്യാപരിക്കുന്ന ദൈവിക ശക്തി. അതിക്രമങ്ങളും ആത്മഹത്യകളും പെരുകുന്ന കേരളത്തിൽ ഇന്നും യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു എന്ന നിർമ്മല സുവിശേഷപ്രഘോഷണം ഡിസംബർ 21 മുതൽ 25 വരെ അങ്കമാലി സി.എസ്.എ. ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയാണ്.

ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി നമുക്ക് പ്രാർഥിക്കാം. ഇതോടനുബന്ധിച്ച് നടക്കുന്ന എറണാകുളം ജില്ല കർത്തൃശുശ്രൂഷ സമ്മേളനത്തെയും പ്രാർഥനയിൽ ഓർക്കാം. നമ്മുടെ പ്രിയപ്പെട്ട സുവിശേഷകന്മാരുടെ ജീവിത സാക്ഷ്യങ്ങൾ കേൾക്കുന്നതിനും അവരുടെ പ്രാർഥനാവിഷയങ്ങൾ അറിഞ്ഞ് അവരെ ഓർത്ത് പ്രാർഥിക്കുന്നതിനുമായി ഈ സന്ദർഭം അങ്കമാലിയിലും പരിസരങ്ങളിലുമുള്ള വിശ്വാസസമൂഹം ഉപയോഗപ്പെടുത്തുമല്ലോ.

# അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ ആരംഭം



*വാപ്പാലശ്ശേരിയിലെ സുവിശേഷയോഗത്തിൽനിന്നും*

കേരളത്തിലെ ബ്രദറൻ പ്രസ്ഥാനത്തിന് 122 വർഷങ്ങളുടെയും, അങ്കമാലിയിലെ ബ്രദറൻ പ്രസ്ഥാനത്തിന് 112 വർഷങ്ങളുടെയും പഴക്കം അവകാശപ്പെടുവാനാകും. കേരളത്തിലെ ബ്രദറൻ സഭകളുടെ ശാക്തീകരണത്തിനു പിറകിൽ നിരവധി സുവിശേഷക സംഘടനകളുടെ പേര് വിസ്മരിക്കാനാവുന്നതല്ല. ബ്രദറൻ ഗോസ്പൽ ഫെല്ലോഷിപ്പ് (ബി.ജി.എഫ്.) റാന്നി, രണ്ടാംശനിയാഴ്ച പ്രവർത്തനം (തിരുവനന്തപുരം) ഏകദിന സുവിശേഷപ്രവർത്തനം (തിരുവനന്തപുരം), ബ്രദറൻ ഗോസ്പൽ മിഷൻ (പുത്തൻകാവ്), ബ്രദറൻ ഇവാഞ്ചലിക്കൽ മിഷൻ (കല്ലിശ്ശേരി) മാവേലിക്കര ഗോസ്പൽ ടീം, മല്ലപ്പള്ളി താലൂക്ക് സുവിശേഷക കൂട്ടായ്മ, ചെങ്ങന്നൂർ താലൂക്ക് സുവിശേഷക കൂട്ടായ്മ.... എന്നീ പ്രാദേശിക സുവിശേഷക സംഘടനകളുടെ പേരുകൾ സ്മരണീയമാണ്.

ഇത്തരത്തിലുള്ള സംഘടിത പ്രവർത്തനങ്ങൾ അങ്കമാലി കേന്ദ്രീകരിച്ചും നടത്തപ്പെടണമെന്ന ആഗ്രഹം വർഷങ്ങളായി അങ്കമാലിയിലെ ചില സുവിശേഷകന്മാരിൽ ഉണ്ടായിരുന്നു. സുവിശേഷകന്മാർ ഒന്നിച്ചുള്ള സംഘടിത പ്രവർത്തനങ്ങൾക്ക് അങ്കമാലിയിലെ സഭകളിലെ ഉത്തരവാദിത്വപ്പെട്ട പലരും പ്രോത്സാഹിപ്പിച്ചിരുന്നു എന്നതും ഇത്തരുണത്തിൽ വിസ്മരിക്കുന്നില്ല. 2010 മുതൽ ഇത് സംബന്ധിച്ച ചർച്ചകൾ നടത്തിയിരുന്നെങ്കിലും അവയൊന്നും പ്രവർത്തനപഥത്തിൽ എത്തിയിരുന്നില്ല.

എന്നാൽ 2019 ജൂൺ മാസത്തിൽ അങ്കമാലി ക്രിസ്റ്റ്യൻ ബ്രദറൻ ചർച്ച് (കിഴക്ക്) നടത്തിയ സുവിശേഷപ്രവർത്തനത്തിന് ശേഷം അന്ന് പ്രവർത്തനത്തിനുണ്ടായിരുന്ന സുവിശേഷകന്മാരായ പി. പി. വർഗ്ഗീസ്, ജിജോയ് വർഗ്ഗീസ്, ലിജോ വർഗീസ് പാലമറ്റം, എ. ഡി. തോമസ്, പി. വി. ജോണി, പി. കെ. ഏലിയാസ് എന്നിവർ അങ്കമാലിയിലും പരിസരങ്ങളിലുമുള്ള സുവിശേഷകന്മാർ ചേർന്നുള്ള പ്രവർത്തനത്തിന്റെ സാദ്ധ്യതകളെകുറിച്ച് വീണ്ടും ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച് തുടർ ആലോചനയ്ക്കായി അങ്കമാലിയിലെ മറ്റ് സുവിശേഷകന്മാരെ വിളിച്ചുചേർക്കുവാനും തീരുമാനിച്ചു.

ഇതേത്തുടർന്ന് അങ്കമാലിയിലും സമീപ സ്ഥലങ്ങളിലുള്ള 18 സുവിശേഷകന്മാരെ ഉൾപ്പെടുത്തി ഒരു ആലോചനായോഗം 16.17.2019ന് ചേർന്നു. പ്രവർത്തനങ്ങളുടെ ആരംഭം എന്ന നിലയിൽ 2019 ഡിസംബർ 25 മുതൽ 29 വരെ തീയതികളിൽ അങ്കമാലി കൺവെൻഷൻ എന്ന പേരിൽ സുവിശേഷയോഗങ്ങൾ അങ്കമാലി സി.എസ്.എ. ഓഡിറ്റോറിയത്തിൽ നടത്തുവാൻ ധാരണയിലെത്തി.

ദൈവത്തിന്റെ അളവറ്റ കൃപയാൽ അങ്കമാലി കൺവെൻഷൻ 2019 അനുഗ്രഹമായി നടത്തപ്പെട്ടു. കൺവെൻഷന്റെ വിവിധ ആവശ്യങ്ങൾക്കായി സുവിശേഷകന്മാരിൽനിന്ന് 1,59,000 രൂപയും സഭകളിൽനിന്നും വ്യക്തികളിൽനിന്നുമായി 2,15,599 രൂപയും ഉൾപ്പെടെ 3,74,599 രൂപ ലഭിച്ചു. 2,98,529 ചിലവായി, 76,070 രൂപ മിച്ചം വന്നു.

2021 ജനുവരി 7ന് കൺവെൻഷൻ അവലോകനത്തിനായി സുവിശേഷകന്മാർ വീണ്ടും ഒത്തുചേർന്നു. 2021 ഡിസംബർ മാസത്തിൽ രണ്ടാമത് അങ്കമാലി കൺവെൻഷൻ നടത്താമെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള നാളുകളിൽ കോവിഡ്-19 പടർന്നു പിടിച്ചതിനാൽ കൺവെൻഷനിൽനിന്ന് പിന്മാറേണ്ടിവന്നു.

വീണ്ടും സുവിശേഷകന്മാർ ഒന്നിച്ചുള്ള വിവിധ പ്രവർത്തനസാധ്യതകളെ കുറിച്ച് ആലോചിക്കുവാനായി 25.10.2020, 16.11.2021, 23.11.2020, 21.02.2020 എന്നീ ദിവസങ്ങളിൽ സുവിശേഷകന്മാർ ഒത്തുചേർന്നു. ഇതേത്തുടർന്ന് പ്രവർത്തനങ്ങളുടെ ഏകദേശ രൂപരേഖ തയ്യാറാക്കുകയും അങ്കമാലി സുവിശേഷക കൂട്ടായ്മ എന്ന പേരിൽ ഈ പ്രവർത്തനം അറിയപ്പെടേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

02.02.2021 അങ്കമാലി ക്രിസ്റ്റ്യൻ ബ്രദറൻ ചർച്ച് (കിഴക്ക്) വച്ച് സംഘടിപ്പിച്ച സ്തോത്രയോഗത്തോടെ അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായ ആരംഭമായി. അങ്കമാലിയിലും സമീപ സ്ഥലങ്ങളിൽനിന്നുമുള്ള അനേക വിശ്വാസികൾ സ്തോത്രയോഗത്തിൽ പങ്കുചേരുവാൻ എത്തിച്ചേർന്നിരുന്നു.

# അങ്കമാലി സുവിശേഷക കൂട്ടായ്മ വിശ്വാസികളിൽനിന്നും ആഗ്രഹിക്കുന്നത്

● സുവിശേഷക കൂട്ടായ്മയുടെ ആത്യന്തിക ലക്ഷ്യം സുവിശേഷവത്ക്കരണവും സ്ഥലം സഭകളുടെ ശാക്തീകരണവുമാണ്. കർത്താവ് അനുവദിച്ചാൽ അടുത്ത ഒരുവർഷം കൂടെ ഈ പ്രവർത്തനം തുടരുവാൻ ● കമ്മ്യൂണിറ്റി സെന്ററുകൾ കേന്ദ്രീകരിച്ച് സുവിശേഷയോഗങ്ങൾ കൂടുതൽ സംഘടിപ്പിക്കുന്നതിന് ● ഭവനാങ്കണ സുവിശേഷയോഗങ്ങൾക്ക് വിശ്വാസികളുടെ ഭവനങ്ങൾ തുറന്നുകിട്ടുന്നതിനുവേണ്ടി ● പ്രാദേശിക സ്ഥലംസഭകളുടെ സഹകരണത്തിൽ നടത്തുന്ന ബൈബിൾ ക്ലാസ്സുകൾക്ക് വേണ്ടി ● 2023 ലെ അങ്കമാലി കൺവെൻഷനും അന്നേ ദിവസങ്ങളിൽ നടത്താൻ ആഗ്രഹിക്കുന്ന വിവിധ ശുശ്രൂഷകൾക്കും വേണ്ടി ● പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാതിൽ തുറന്നു ലഭിക്കുന്നതിന്.

# എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും



എം.എം. വർഗ്ഗീസ്, മൂക്കന്നൂർ

*സുവിശേഷ വേലക്കായുള്ള വ്യക്തമായ ദർശനം ലഭിച്ചതിനെ തുടർന്ന് സുവിശേഷ പ്രവർത്തനത്തിനായി എന്റെ ജീവിതം സമർപ്പിച്ചു. ഇന്ന് മൂക്കന്നൂരിന്റെ പല ഭാഗങ്ങളിലും അങ്കമാലിയിലും വിവിധ നിലകളിലുള്ള സുവിശേഷ പ്രവർത്തനങ്ങളിൽ ഞാനും ഏർപ്പെട്ടുവരുന്നു.*

എന്റെ പേര് എം.എം. വർഗ്ഗീസ്. മൂക്കന്നൂർ ബ്രദറൻ സഭയോട് ചേർന്ന് കർത്തൃശുശ്രൂഷയിലായിരിക്കുന്നു. ഒരു യാക്കോബായ സഭാ പശ്ചാത്തലത്തിൽ ജനിച്ചു വളർത്തപ്പെട്ട ഞാൻ 1973 ൽ വിവാഹിതനായി. ഭാര്യ അമ്മിണി. ഞങ്ങൾക്ക് സുമ, ജെയ്സൺ എന്നീ രണ്ട് മക്കൾ.

വിവാഹത്തിന് മുമ്പും പിമ്പും എന്റെ ജീവിതം താളപ്പിഴകൾ മാത്രം നിറഞ്ഞതായിരുന്നു. മദ്യവും മയക്കുമരുന്നും ജീവിതത്തിന്റെ ഭാഗമായി, എന്റെ വഴിതെറ്റിയുള്ള ജീവിതം ഭാര്യയെയും കുടുംബാംഗങ്ങളെയും ഏറെ വേദനിപ്പിച്ചു. സമാധാനം ഇല്ല എന്നതായിരുന്നു എന്റെ ഏക പ്രശ്നം. സമാധാനം നഷ്ടപ്പെട്ട് വലഞ്ഞ എന്റെ മനസ്സിൽ അരുതാത്ത ചില ചിന്തകൾ വന്നുകൂടി. അവ ഞാൻ പ്രാവർത്തിമാക്കിയിരുന്നെങ്കിൽ ഇന്നു ഞാനും ഭാര്യയും ഞങ്ങളുടെ മക്കളും ജീവിച്ചിരിക്കുകയില്ലായിരുന്നു. ദൈവത്തിൽ നിന്നും ദൂരെ അകന്നവനായി പാപപ്രവർത്തികൾക്ക് അടിമയായി ഞാൻ അങ്ങനെ കുറെ നാൾ ജീവിച്ചു. ജീവിതത്തിന്റെ ഒന്നാം ഭാഗമായി ഞാൻ ഈ കാലഘട്ടത്തെ കാണുന്നു.

ഇനി രണ്ടാം ഭാഗം; 11.09.1981 ൽ തികച്ചും യാദൃശ്ചികമായി എനിക്ക് സുവിശേഷം കേൾക്കുവാൻ സാധിച്ചു. യാക്കോബായ സഭയുടെ ആചാരമര്യാദകളിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന എനിക്ക് അന്നാണ് ഞാൻ പാപിയാണല്ലോ എന്നും, എന്റെ പാപത്തിന്റെ പരിഹാരത്തിനായിട്ടാണല്ലോ യേശുക്രിസ്തു മരിച്ചത് എന്നുമുള്ള തിരിച്ചറിവുണ്ടായത്. അന്നേദിവസം ഞാൻ യേശുവിനെ എന്റെ രക്ഷിതാവും കർത്താവുമായും സ്വീകരിച്ചു.

എന്റെ മാനസാന്തരം ഭാര്യയ്ക്കും മക്കൾക്കും ആശ്വാസമായി. പിന്നീട് അവരും തങ്ങളുടെ ഹൃദയം യേശുവിനു നൽകി. 1990 ൽ ഞങ്ങൾ എല്ലാവരും വിശ്വാസസ്നാനം സ്വീകരിച്ചു. കല്ലുവെട്ടു ജോലിയായിരുന്നു എന്റെ തൊഴിൽ. അതോടൊപ്പം സുവിശേഷ പ്രവർത്തനത്തിലും പങ്കാളിയാകുവാൻ തുടങ്ങി. സുവിശേഷവേലക്കായുള്ള വ്യക്തമായ ദർശനം ലഭിച്ചതിനെ തുടർന്ന് യേശുക്രിസ്തുവിനുവേണ്ടി എന്റെ ജീവിതം സമർപ്പിച്ചു. ഇന്ന് മൂക്കന്നൂരിന്റെ പല ഭാഗങ്ങളിലും അങ്കമാലിയിലും വിവിധ നിലകളിലുള്ള സുവിശേഷപ്രവർത്തനങ്ങളിൽ ഞാനും ഏർപ്പെട്ടുവരുന്നു.

# സുവിശേഷക കൂട്ടായ്മ ദൈവത്തിന് സ്തോത്രം ചെയ്യാനുള്ള ശുശ്രൂഷ



ചാർലി ഗർവ്വാസിസ്, അങ്കമാലി

*"മുറ്റത്ത് കൺവെൻഷൻ" എന്ന ആശയം വളരെക്കാലം മുമ്പു തന്നെ പെന്തക്കോസ്ത് പ്രസ്ഥാനം കേരളത്തിൽ ആവിഷ്ക്കരിച്ചതാണ്. എന്നാൽ അതേ ആശയം അല്പം വൈകിയാണെങ്കിലും സുവിശേഷക കൂട്ടായ്മയിലൂടെ അങ്കമാലിയിൽ യാഥാർത്ഥ്യമായി. വരുന്ന നാളുകളിൽ ഇത്തരം ശ്രമങ്ങൾ അധികമധികമായി പ്രാവർത്തികമാകുന്നതിന് അവർക്കാകട്ടെ."*

അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ പ്രവർത്തകർ തയ്യാറാക്കുന്ന അങ്കമാലി കൺവെൻഷൻ സപ്ലിമെന്റിന് ഒരു ആശംസ എഴുതുവാനാവശ്യപ്പെട്ടപ്പോൾ എന്റെ മനസ്സിൽ വന്ന രണ്ട് വാക്യങ്ങൾ; "ഒന്നാംനാൾ മുതൽ ഇന്നുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ നിമിത്തം ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" (ഫിലിപ്പ്യർ 1:5), "നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു" (എഫെസ്യർ 2:10) എന്നിവയാകുന്നു.

ഈ രണ്ട് വാക്യങ്ങളിലും അടങ്ങിയിരിക്കുന്ന ആശയങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന സംഘടിത പ്രവർത്തനമാണ് അങ്കമാലി സുവിശേഷക കൂട്ടായ്മ. സുവിശേഷവത്ക്കരണത്തിൽ ശ്രദ്ധപതിപ്പിക്കുന്നതോടൊപ്പം വിവിധങ്ങളായ സത്പ്രവർത്തികൾ ചെയ്യുന്നതിലും അവർ ഉത്സാഹം കാണിക്കുന്നു. കഴിഞ്ഞ നാളുകളിൽ സുവിശേഷകകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ അങ്കമാലിയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷയോഗങ്ങൾ, പ്രത്യേകിച്ച് വിശ്വാസികളുടെ ഭവനത്തിനോട് ചേർന്ന് ഏകദിന സുവിശേഷയോഗങ്ങൾ സംഘടിപ്പിച്ചത് ഞാൻ സന്തോഷത്തോടെ സ്മരിക്കുന്നു. "മുറ്റത്ത് കൺവെൻഷൻ" എന്ന ആശയം വളരെ കാലം മുമ്പുതന്നെ പെന്തക്കൊസ്ത് പ്രസ്ഥാനം കേരളത്തിൽ ആവിഷ്ക്കരിച്ചതാണ്. എന്നാൽ അതേ ആശയം അല്പം വൈകിയാണെങ്കിലും സുവിശേഷക കൂട്ടായ്മയിലൂടെ അങ്കമാലിയിൽ യാഥാർത്ഥ്യമായി.

ഇതുകൂടാതെ, വിവിധ കാരണങ്ങളാൽ ശാരീരിക ക്ഷീണത്താൽ സഭായോഗങ്ങൾക്ക് പോകുവാൻ സാധിക്കാത്തവരുടെ ഭവനങ്ങളിൽചെന്ന് അവർക്ക് ഒപ്പം സമയം ചിലവഴിക്കുന്നതിലും പ്രാർഥിക്കുന്നതിലും സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നവർക്ക് കൈതാങ്ങൽ നൽകുന്നതിലും അങ്കമാലി സുവിശേഷക കൂട്ടായ്മയ്ക്ക് ബഹുദൂരം മുന്നോട്ടു പോകുവാനായി എന്നത് മറ്റൊരു യാഥാർത്ഥ്യമാണ്.

ഇക്കഴിഞ്ഞ മാസം സാമ്പത്തിക പ്രതിസന്ധിയും ശാരീരിക പ്രതിസന്ധിയും അനുഭവിക്കുന്ന ഒരു സഹോദരന്റെ ഭവനത്തിലെ സന്ദർശനത്തിന് സുവിശേഷകന്മാർ എന്നെയും ക്ഷണിച്ചിരുന്നു. വളരെ ഹൃദ്യമായ അനുഭവമാണ് അവിടെ എനിക്ക് അനുഭവിക്കാനായത്.

# അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ പ്രവർത്തനവിധവും ലക്ഷ്യങ്ങളും



*സുവിശേഷയോഗങ്ങളിൽ നിന്നും*

### *പ്രവർത്തനവിധം*

● മാസത്തിന്റെ രണ്ടാമത്തെ ബുധനാഴ്ച പ്രാർഥനയ്ക്കും ആലോചനയ്ക്കുമായി സുവിശേഷകന്മാർ ഒത്തുചേർന്ന് തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ധാരണയിലെത്തും. ● അങ്കമാലി കൺവെൻഷന് പുറമെ സുവിശേഷക കൂട്ടായ്മയുടെ സാമ്പത്തിക ആവശ്യങ്ങൾ സുവിശേഷകന്മാരിലൂടെയാണ് നിറവേറപ്പെടേണ്ടത്. ഇക്കാര്യത്തിൽ സഭകളുടെയോ വ്യക്തികളുടെയോ സഹായം തേടേണ്ടതില്ല. ● പ്രവർത്തനങ്ങളുടെ പിറകിൽ സ്ഥലംസഭകളുടെ പിന്തുണ ഉറപ്പാക്കിയിരിക്കണം ● വരവ്- ചിലവ് കണക്കുകളിൽ സുതാര്യത നിലനിർത്തുക.

### *പ്രവർത്തനലക്ഷ്യങ്ങൾ*

● 2023 ഡിസംബർമാസം ക്രിസ്തുമസ് അവധിയോടനുബന്ധിച്ച് അങ്കമാലി കൺവെൻഷൻ എന്ന പേരിൽ സുവിശേഷയോഗവും പകൽ യോഗവും ബൈബിൾ ക്ലാസ്സുകളും സംഘടിപ്പിക്കുക ● സഭകളുടെ സഹകരണത്തോടെ ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിക്കുക ● സഭകൾ കേന്ദ്രീകരിച്ച് സുവിശേഷയോഗങ്ങളും ഭവന സന്ദർശനങ്ങളും സംഘടിപ്പിക്കുക ● കമ്മ്യൂണിറ്റി സെന്ററുകൾ കേന്ദ്രീകരിച്ച് മൂന്ന് ദിവസത്തെ സുവിശേഷയോഗം സംഘടിപ്പിക്കുക ● വിശ്വാസികളുടെ ഭവനത്തോട് ചേർന്ന് സുവിശേഷയോഗങ്ങൾ സംഘടിപ്പിക്കുക ● ശാരീരിക രോഗങ്ങളാലും, വാർദ്ധക്യസഹജമായ ക്ഷീണം അനുഭവിച്ചും ഭവനത്തിൽ വിശ്രമിക്കുന്നവരെ ചെന്നുകണ്ട് അവർക്കൊപ്പം പ്രാർഥനയിലും വചനധ്യാനത്തിലും സമയം ചിലവഴിക്കുക ● സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക ● എറണാകുളം ജില്ലയിൽ ശാരീരിക ക്ഷീണം അനുഭവിക്കുന്ന സുവിശേഷകന്മാരെ സന്ദർശിച്ച് അവർക്ക് സാമ്പത്തിക സഹായം നൽകുക ● മാസത്തിൽ മൂന്നാമത്തെ വ്യാഴാഴ്ച സുവിശേഷകന്മാരുടെ ഭവനത്തിലോ സഹകാരികളുടെ ഭവനത്തിലോ പ്രാർഥനയ്ക്കും വചന ധ്യാനത്തിനും ഒത്തുചേരുക ● അങ്കമാലിയിൽനിന്നു സുവിശേഷ പ്രവർത്തനത്തിനായി അന്യസംസ്ഥാനങ്ങളിൽ പോയിരിക്കുന്ന സുവിശേഷകന്മാരെ വർഷത്തിലൊരിക്കൽ സാമ്പത്തികമായി സഹായിക്കുക ● വേർപാടിന്റെ ദുഃഖം അനുഭവിക്കുന്ന ഭവനങ്ങൾ സന്ദർശിച്ച് (അങ്കമാലിക്കു പുറമെ) അവരെ ക്രിസ്തുവിൽ ധൈര്യപ്പെടുത്തുക ● അങ്കമാലിക്കു പുറമെയുള്ള സ്ഥലം സഭകളുടെ സഹകരണത്തിൽ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിത്വം വഹിക്കുക.

## ആ കാൽവരിമലയിൽ (ഗാനം)



ആ കാൽവരിമലയിൽ
കുരിശിൽ കാണുന്നെൻ നാഥൻ
അവനെന്റെ പേർക്കായി എൻ പാപങ്ങൾക്കായി
ഭാരമേറും മരക്കുരിശും ചുമലിലേന്തുന്നു
മുൾക്കിരീടം ചൂടിച്ചവനെ പരിഹസിക്കുന്നു
നിസ്സഹായനായെൻ നാഥൻ കയറിപ്പോകുന്നു
എന്റെ പാപ ഭാരമേറ്റിക്കൊണ്ടുപോകുന്നു
(ആ കാൽവരി)

കനിവൊരുതെല്ലും തോന്നാതവരാ
മേനി തകർക്കുന്നു
കൈകാലുകളിൽ കാരിരുമ്പിൻ ആണി തറയ്ക്കുന്നു
ദാഹത്താലെൻ നാഥനുച്ചത്തിൽ കരയുന്നു
ദൈവമേ എൻ ദൈവമേ നീ കൈവിട്ടോയെന്നെ
(ആ കാൽവരി)

പാപത്തിൻ പടുകുഴിയിൽ ഞാനും
താണുപോയപ്പോൾ
കൂരിരുളേറും വഴിയരികിൽ ഞാനേകനായപ്പോൾ
ഒരു കണ്ണിനും ദയ തോന്നിയില്ലെൻ കൈപിടിച്ചീടാൻ
ഓമനപ്പേർചൊല്ലിയെന്നെ
സ്നേഹിച്ചീടുവാൻ (ആ കാൽവരി)



സുനി ജോബി, അങ്കമാലി

# ജീവിക്കും ഞാൻ യേശുവിനായി...

സെഫിൻ ഏലിയാസ്, ആസാം



*ആദ്യ നാളുകളിൽ ഞങ്ങൾ അഞ്ച് യുവ സുവിശേഷകന്മാർ ചേർന്നാണ് പ്രവർത്തിച്ചിരുന്നത്. അത് വളരെ ഫലകരമായിരുന്നു. സുവിശേഷം എത്താത്ത അനേക സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഞങ്ങൾ പ്രവർത്തിച്ചതിനെ തുടർന്ന് ചുരുങ്ങിയ സമയം കൊണ്ട് അനേക സ്ഥലങ്ങളിൽ ബൈബിൾ ക്ലാസ്സ് ആരംഭിക്കുവാൻ സാധിച്ചു.*

എന്റെ പേര് സെഫിൻ ഏലിയാസ്. ആഴകം എന്ന കൊച്ചുഗ്രാമത്തിൽ സുവിശേഷകൻ പി. കെ. ഏലിയാസിന്റെ മകനായി ജനിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ആത്മീക ശിക്ഷണത്തിലായിരുന്നു എന്റെ ബാല്യകാലം. പതിനഞ്ചാം വയസ്സിൽ എസ്.എസ്.എൽ.സി. ക്യാമ്പിൽവച്ച് ഞാൻ യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവായും സ്വീകരിച്ചു. പതിനേഴാം വയസ്സിൽ വിശ്വാസസ്നാനം ഏറ്റു. കോളേജ് വിദ്യാഭ്യാസത്തിന് ശേഷം വേദനാദം ബൈബിൾ ട്രെയിനിംങ് സെന്റർ (മൂക്കന്നൂർ), ഭോപ്പാൽ എച്ച്.എ.ടി. എന്നിവിടങ്ങളിൽ ദൈവവചന പഠനത്തിന് ചേർന്നു. സുവിശേഷവേലയ്ക്കായുള്ള ഉൾക്കാഴ്ച ലഭിക്കുവാൻ ഈ പഠനങ്ങൾ എനിക്ക് സഹായകമായി.

തുടർന്ന് ദൈവാത്മാവ് തന്ന വ്യക്തമായ നിർദ്ദേശം അനുസരിച്ച് ആസാമിൽ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുവാൻ തീരുമാനിച്ചു. ആസാമിൽ കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്ന സുവിശേഷകൻ എബി സാം ആണ് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുതന്നത്. ആസാമിലെ RAMAI എന്ന ട്രൈബൽ ഗ്രാമത്തിൽ നിലവിലുള്ള സഭയോട് ചേർന്ന് ഞാൻ പ്രവർത്തനം ആരംഭിച്ചു. സുവിശേഷപ്രവർത്തനത്തോടൊപ്പം സഭാപരിപാലനത്തിലും എനിക്കിന്നു ശ്രദ്ധിക്കേണ്ടതായി വരുന്നു.

സുവിശേഷപ്രവർത്തനത്തിന് നിരവധി അവസരങ്ങളും സാധ്യതകളും ദൈവം എനിക്ക് നൽകുന്നുണ്ട്. ആദ്യ നാളുകളിൽ ഞങ്ങൾ അഞ്ച് യുവസുവിശേഷകന്മാർ ചേർന്നാണ് പ്രവർത്തിച്ചിരുന്നത്. അത് വളരെ ഫലകരമായിരുന്നു. സുവിശേഷം എത്താത്ത അനേക സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഞങ്ങൾ പ്രവർത്തിച്ചതിനെ തുടർന്ന് ചുരുങ്ങിയ സമയം കൊണ്ട് അനേക സ്ഥലങ്ങളിൽ ബൈബിൾ ക്ലാസ്സ് ആരംഭിക്കുവാൻ സാധിച്ചു. പത്തിലധികം പേർ രണ്ട് സ്ഥലങ്ങളിലായി രക്ഷിക്കപ്പെട്ടു. ദൈവഹിതമാണെങ്കിൽ അടുത്ത മാസം രണ്ട് സ്ഥലങ്ങളിൽ ആരാധന തുടങ്ങുവാൻ ആഗ്രഹിക്കുന്നു. കൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള ചിൽഡ്രൻസ് ക്ലബ്ബുകളും നടത്തിവരുന്നു. വരുന്ന വർഷങ്ങളിൽ ദൈവം സഹായിച്ചാൽ കൂടുതൽ സ്ഥലങ്ങളിൽ സഭകൾ ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർഥനയിൽ ഇക്കാര്യം ഓർക്കണമെ.

2020 ൽ ടിറ്റിമോൾ സൈമണിനെ വിവാഹം കഴിച്ചു. ദൈവം ഞങ്ങളുടെ കുടുംബജീവിതത്തെ അനുഗ്രഹിച്ച ഒരു പെൺകുഞ്ഞിനെ ദാനമായി നൽകി.

# സുവിശേഷക കൂട്ടായ്മ; ഈ കാലഘട്ടത്തിന്റെ ആവശ്യം

റെജി മാത്യു, അങ്കമാലി



*ചില മാസങ്ങൾക്ക് മുമ്പ് സുവിശേഷക കൂട്ടായ്മയുടെ ഭാഗമായി സുവിശേഷകന്മാർ എന്റെ ഭവനത്തിൽ വരികയും വാർദ്ധക്യസഹജമായ ക്ഷീണം അനുഭവിക്കുന്ന എന്റെ മാതാവിനെ ഓർത്ത് പ്രാർഥിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.*

അങ്കമാലിയിലും സമീപസ്ഥലങ്ങളിലെ സ്ഥലംസഭകളിലെയും സുവിശേഷകന്മാർ ഒത്തുചേർന്നുള്ള സുവിശേഷക കൂട്ടായ്മയെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു, ചില മാസങ്ങൾക്ക് മുമ്പ് സുവിശേഷക കൂട്ടായ്മയുടെ ഭാഗമായി സുവിശേഷകന്മാർ എന്റെ ഭവനത്തിൽ വരികയും വാർദ്ധക്യസഹജമായ ക്ഷീണം അനുഭവിക്കുന്ന എന്റെ മാതാവിനെ ഓർത്ത് പ്രാർഥിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

സുവിശേഷകന്മാർ ഒന്നിച്ച് ഇങ്ങനെ ഒരു പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യമുണ്ടോ? സ്ഥലംസഭകളല്ലേ സുവിശേഷപ്രവർത്തനത്തിലും ആവശ്യങ്ങളിലിരിക്കുന്ന വിശ്വാസികളെ സഹായിക്കുന്നതിലും ശ്രദ്ധപതിപ്പിക്കേണ്ടത്? സ്ഥലംസഭകളെ ശക്തിപ്പെടുത്തുന്നതിനായി മറ്റൊരു ബദൽ സംവിധാനത്തെ ആശ്രയിക്കേണ്ടതുണ്ടോ? ഇതുപോലുള്ള ചോദ്യങ്ങൾ ഒരു സമയത്ത് എന്നിൽനിന്നും ഉയർന്നിരുന്നു. സംഘടനാപ്രവർത്തനങ്ങളുടെ പിന്തുണയില്ലാതെ സ്ഥലംസഭകൾക്ക് നിലനിൽപ്പില്ലേ എന്നു ചോദിച്ചാൽ "നിലനിൽക്കാനാകും" എന്നുതന്നെയാണ് അതിനുള്ള ശരിയുത്തരം.

എന്നാൽ ഈ നാളുകളിൽ ഇതിനെല്ലാം പ്രായോഗികമായി പല പരിമിതികൾ ഉണ്ടാകുന്നു എന്നുമാത്രം. ഏകദേശം 40 - 60 നും മുകളിൽ വിശ്വാസികൾ ഉള്ള സ്ഥലംസഭകൾക്ക് സഭായോഗങ്ങൾ ശക്തിപ്പെടുത്തുന്നതിനും സുവിശേഷപ്രവർത്തനങ്ങളിൽ പങ്കുവഹിക്കുന്നതിനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സാധിച്ചെന്നുവരാം. എന്നാൽ ഇന്ന് ഇത്രയും അംഗങ്ങൾ ഉള്ള സ്ഥലംസഭകൾ വിരളമായിരിക്കുയാണെന്നോർക്കുക.

പല സ്ഥലംസഭകളിലെയും വിശ്വാസികളുടെ അംഗസംഖ്യ 20 ൽ താഴെയാണ്. അതിൽ ഭൂരിപക്ഷം മധ്യവയസിനു മുകളിലുള്ളവരും. ചില മാസങ്ങൾക്ക് മുമ്പ് ജെ.ബി. കമ്മീഷനുവേണ്ടി നമ്മുടെ സ്ഥലംസഭകൾ അവരുടെ സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി ചുമതലപ്പെട്ടവരെ ഏല്പച്ചിരുന്നു. അതുമായി ബന്ധപ്പെട്ടിരുന്ന എന്റെ ഒരു ആത്മസുഹൃത്ത് പറഞ്ഞ വിവരം ; "കേരളത്തിലെ ബ്രദറൻ സഭകളുടെ ശരാശരി അംഗസംഖ്യ 15 നും 20 നും താഴെ" എന്നാണ്. ഈ വിവരം വാസ്തവത്തിൽ എന്നെ അത്ഭുതപ്പെടുത്തി. ഇത്തരം ഒരു അവസ്ഥയിൽ നമ്മുടെ പ്രാദേശിക സ്ഥലംസഭകൾ എത്തപ്പെട്ട സാഹചര്യത്തിൽ സുവിശേഷകന്മാരും സുവിശേഷതത്പരരും സംഘടിച്ച് അംഗസംഖ്യ കുറവുള്ള സ്ഥലംസഭകളെ താങ്ങിനിർത്തുവാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടുന്നത് അനിവാര്യമാണെന്നാണ് എന്റെ അഭിപ്രായം.

# അങ്കമാലിയിലെ വിശ്വാസസമൂഹത്തിന് അഭിമാനമായ മിഥുൻ ജോണി



1806 ലാണ് പ്രഥമ പ്രൊട്ടസ്റ്റന്റ് മിഷനറി തോബിയാസ് റിങ്കൾ ടോംബ് ജർമ്മനിയിൽനിന്ന് കേരളത്തിലെ മൈലാടിയിൽ കാലുകുത്തിയത്. തുടർന്ന് 1818 ൽ മിഷനറി ചാൾസ് മീഡ്, 1819 ൽ മിഷനറി തോമസ് നോർട്ടൻ, പിന്നീട് ബെഞ്ചമിൻ ബെയ്‌ലി തുടങ്ങിയവരും കേരളത്തിലെത്തി. പ്രൊട്ടസ്റ്റന്റ് മിഷനറി തോബിയാസ് റിങ്കൾ ടോംബ കേരളത്തെ തൊട്ടതിന്റെ കൃത്യം 200-ാം വർഷത്തിൽ അങ്കമാലി ടൗൺ അസംബ്ലിയയിലെ മിഥുൻ ജോണി ആസാമിലെ കാർബി ആംഗ്ലോങ് ജില്ലയിലെ കൊങ്കിപ്രി ഗ്രാമത്തിലെ മംഗോളിയൻ ആദിവാസികളെ തേടി ചെന്നത് ഒരു ദൈവീക നിയോഗം തന്നെയാണ്. മിഷനറിമാർ കേരളത്തിൽ കണ്ട കാഴ്ചകൾ മിഥുൻ അവിടെ വീണ്ടും കണ്ടു. പുഴ, മരം, ഗുഹ എന്നിവ ദൈവമാണെന്ന് സങ്കല്പിച്ച് കൊടും വനത്തിന്റെ നടുവിൽ ബാഹ്യ സംസർഗ്ഗം ഇല്ലാതെ കഴിയുന്ന ഒരു പറ്റം മനുഷ്യ കോലങ്ങളാണ് അവിടെ ഉണ്ടായിരുന്നത്. ലിപിയില്ലാത്ത കാർബിയാണ് അവരുടെ സംസാര ഭാഷ. ആദ്യനാളുകളിൽ അവിടുത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാൻ മിഥുൻ പ്രയാസപ്പെട്ടു.



*മിഥുൻ ജോണി ആരംഭിച്ച ബെയ്ദ ഗ്രാമത്തിലെ സ്കൂളിന്റെ സ്വാതന്ത്ര്യദിനാഘോഷം*

കഴിഞ്ഞ പതിനാറ് വർഷംകൊണ്ട് അത്ഭുതാവഹമായ പ്രവർത്തനമാണ് കൊങ്കിപ്രി, ബെയ്ദ എന്നീ ഗ്രാമങ്ങളിൽ ദൈവം മിഥുനെകൊണ്ട് ചെയ്യിച്ചത്. കേരളത്തെ തൊട്ട പ്രൊട്ടസ്റ്റന്റ് (ബ്രദറൻ) മിഷനറിമാർ എന്തെല്ലാം കേരളത്തിൽ ചെയ്തുവോ മിഥുൻ ജോണി അത് അവിടെ പ്രാവർത്തികമാക്കികൊണ്ടിരിക്കുന്നു.

ഇക്കഴിഞ്ഞ 2020 ഫെബ്രവരി മാസത്തിൽ കേരളത്തിലെ പ്രമുഖ പത്രമാധ്യമങ്ങളിലെല്ലാം മിഥുൻ ജോണി നിറഞ്ഞുനിന്നത് ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടാകും. അമ്മയുടെ മുലപ്പാലിന്റെ രുചി അറിയുന്നതിന് മുമ്പെ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട രൂപ്മിലി എന്ന പെൺകുഞ്ഞിന്റെ രക്ഷിതാവായി മിഥുൻ ജോണി അവതരിച്ചത് കേരളത്തിലെ പത്രമാധ്യമങ്ങൾ അർഹിച്ച പ്രാധാന്യതയോടെ പ്രസിദ്ധീകരിച്ചിരുന്നു.

ആ കഥ ഇങ്ങനെ : മേഘാലയ അതിർത്തിയിലെ കാർബി ഗോത്രവർഗ്ഗത്തിലാണ് രൂപ്മിലി പിറന്നത്. അമ്മ സോണ്ടി പട്രോപി, പ്രസവത്തോടെ മരിച്ചു. പ്രസവത്തിനിടെ അമ്മ മരിച്ചാൽ കുഞ്ഞിന്റെ നെഞ്ചിൽ മുളങ്കമ്പ് കുത്തിയിറക്കി കുഞ്ഞിനെ കൊല്ലണം. അമ്മയുടെ രക്തം കുടിച്ച കുഞ്ഞിനുള്ള ശിക്ഷയാണിത്. അമ്മയുടെ മൃതദേഹത്തിനരികെ കുഞ്ഞിനെ കോർക്കുവാനുള്ള മുളങ്കമ്പ് ഗ്രാമവാസികൾ കുത്തിനിർത്തി. വിവരം അറിഞ്ഞ് ഓടിയെത്തിയ മിഥുൻ കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുക്കാൻ ഞാൻ തയ്യാറാണെന്നും കുഞ്ഞിനെ വധിക്കരുതെന്നും ഗ്രാമത്തലവനോട് അപേക്ഷിച്ചു വധശിക്ഷ തല്ക്കാലം ഒഴിവാക്കി.

തുടർന്ന് സർക്കാർ പ്രതിനിധികളെ സമീപിച്ച് കുഞ്ഞിന്റെ സംരക്ഷണത്തിനുള്ള വഴി തേടി. ഹാമറൺ മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ മിഥുൻ കരാറിൽ ഒപ്പിട്ട് രൂപ്മിലിയെ സ്വന്തമാക്കി. അങ്ങനെ പത്തുമാസം പ്രായമുള്ള രൂപ്മിലി കേരളത്തിൽ മിഥുൻ ജോണിയുടെ മാതാപിതാക്കളായ സുവി. പി.വി. ജോണി, മെറീന ജോണി എന്നിവരുടെ സംരക്ഷണയിലായി. ഇന്ന് രൂപ്മിലിയ്ക്ക് മൂന്നര വയസ്സ് കഴിഞ്ഞു. അവൾ സന്തോഷത്തോടെ പാട്ടുകൾ പാടുന്നു. വാക്യങ്ങൾ പറയുന്നു.

# ഇത്രത്തോളം യഹോവ സഹായിച്ചു. പ്രവർത്തന റിപ്പോർട്ട്

1. 02.02.2021 അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ ആരംഭത്തിനുശേഷം ഇക്കഴിഞ്ഞ നവംബർ 2022 വരെയുള്ള 21 മാസങ്ങളിൽ (കോവിഡ്- 19 ന്റെ തീഷ്ണത നിമിത്തം മൂന്ന് മാസങ്ങൾ ഒഴികെ) 18 പ്രതിമാസ പ്രാർഥനയും വചനധ്യാനവും സഭകളിലും സഹോദരങ്ങളുടെ ഭവനങ്ങളിലും സംഘടിപ്പിക്കുവാൻ സാധിച്ചു.
2. കമ്മ്യൂണിറ്റി ഹാൾ കേന്ദ്രീകരിച്ച് മൂന്ന് ദിവസത്തെ സുവിശേഷയോഗം ക്രിസ്ത്യൻ ബ്രദറൻ ചർച്ച് അങ്കമാലി (കിഴക്ക്)- ന്റെ ആഭിമുഖ്യത്തിൽ മൂക്കന്നൂർ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുവാൻ സാധിച്ചു.
3. പ്രാദേശിക സ്ഥലംസഭകളുടെ ശാക്തീകരണത്തെ ലക്ഷ്യമാക്കിയുള്ള ബൈബിൾ ക്ലാസ്സുകൾ (ഒരുമാസം 4 ക്ലാസ്സ്); ക്രിസ്ത്യൻ ബ്രദറൻ ചർച്ച് അങ്കമാലി (കിഴക്ക്), മൂക്കന്നൂർ ക്രിസ്ത്യൻ ബ്രദറൻ ചർച്ച്, വാപ്പാലശ്ശേരി ക്രിസ്ത്യൻ ബ്രദറൻ ചർച്ച്, ആഴകം ക്രിസ്ത്യൻ ബ്രദറൻ ചർച്ച്, മഞ്ഞപ്ര ക്രിസ്ത്യൻ ബ്രദറൻ ചർച്ച്, ക്രിസ്ത്യൻ ബ്രദറൻ ചർച്ച് അങ്കമാലി (പടിഞ്ഞാറ്) എന്നിവിടങ്ങളിൽ നടത്തുവാൻ സാധിച്ചു.
4. ഭവനാങ്കണ സുവിശേഷയോഗങ്ങൾ പി.പി.വർഗ്ഗീസ് വാപ്പാലശ്ശേരി, പി. കെ. ഏലിയാസ് മൂക്കന്നൂർ, ജോബി ഡാനിയേൽ അങ്കമാലി, ചുള്ളി ജോർജ്ജ് അങ്കമാലി, ഏ. ജി. പോൾ അങ്കമാലി എന്നിവരുടെ ഭവനാങ്കണത്തിൽ നടത്തുവാൻ സാധിച്ചു.
5. വേർപാടിന്റെ വേദന അനുഭവിക്കുന്ന അഞ്ച് ഭവനങ്ങളിൽ സുവിശേഷകന്മാർ സന്ദർശിച്ച് അവർക്കൊപ്പം പ്രാർഥനയിൽ സമയം ചെലവഴിക്കുവാൻ സാധിച്ചു.
6. വിവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന ഏഴ് സുവിശേഷകന്മാരെ സന്ദർശിക്കുകയും അവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.
7. സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന എട്ട് ഭവനങ്ങൾക്ക് കൈത്താങ്ങ് നൽകുവാൻ സാധിച്ചു.
8. അങ്കമാലിയിൽനിന്ന് സുവിശേഷവേലയ്ക്കായി കേരളത്തിന് പുറത്തുപോയിരിക്കുന്ന മൂന്ന് സുവിശേഷകന്മാരെ സാമ്പത്തികമായി സഹായിക്കുവാൻ സാധിച്ചു.
9. ശാരീരിക ക്ഷീണവും വാർദ്ധക്യത്തിന്റെ ഹീനതയും അനുഭവിക്കുന്ന സഹോദരന്മാരായ ഇ.ഡി. വർഗ്ഗീസ്, ഇ. എം. വർഗ്ഗീസ്, ഇ. ജെ. പൈലി, ഫിലിപ്പ് വർഗ്ഗീസ്, ഇ. വി. തോമസ്, തോമസ് ചമ്പന്നൂർ, സാമുവൽ മാത്യു എന്നിവരെയും സഹോദരിമാരായ അന്നമ്മ ജോസഫ്, കുഞ്ഞുമോൾ ഫിലിപ്പ്, ചിന്നമ്മ മാത്യു, ഏലിയാമ്മ കുഞ്ഞപ്പൻ, എൽസമ്മ ബെന്നി എന്നിവരെയും തങ്ങളുടെ ഭവനത്തിൽ ചെന്നുകണ്ട് പ്രാർഥിക്കുവാനും ആശ്വാസദൂത് നൽകി അവരെ ധൈര്യപ്പെടുത്തുവാനും സാധിച്ചു.
10. തൃശൂർ പാലിയേക്കര ബ്രദറൻ സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ഏകദിന സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും സാധിച്ചു.

പ്രിയരെ, അങ്കമാലി സുവിശേഷക കൂട്ടായ്മയുടെ ശൈശവാവസ്ഥയിൽ ഇത്രയും അധികം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ദൈവം അവസരം നൽകിയത് സന്തോഷത്തോടെ ഓർക്കുന്നു. നാളിതുവരെ ഈ ഉദ്യമത്തെ പ്രാർഥനയിൽ ഓർത്തവർക്ക് നന്ദി....



കൺവെൻഷൻ കൊയർ പരിശീലനത്തിനിടയിൽ